# കേരള സർവകലാശാല

നം. പി.ആർ.117/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബിരുദ പ്രവേശനം-2017: എസ്.ഇ.ബി.സി വിഭാഗത്തിന്റെ പ്രവേശനം

2017-ലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ക്ഷണിച്ച ഓൺലൈൻ അപേക്ഷയിൽ എസ്.ഇ.ബി.സി വിഭാഗത്തിനുള്ള സംവരണത്തിന് വാർഷിക വരുമാനം ബാധകമാക്കിയിരുന്നു. എന്നാൽ ഇപ്പോൾ ഇതിനുള്ള മാനദണ്ഡം നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റാണ്. 6 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഉണ്ടെന്ന കാരണത്താൽ ഓൺലൈൻ അപേക്ഷയിൽ എസ്.ഇ.ബി.സി സംവരണം നൽകാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാകുന്ന പക്ഷം അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം അവരുടെ ഓൺലൈൻ അപേക്ഷയിൽ മാറ്റം വരുത്താവുന്നതാണ്. ഇങ്ങനെയുള്ള അപേക്ഷകർ തങ്ങളുടെ പ്രൊഫൈലിൽ നോൺ ക്രിമിലെയർ ആണോ/അല്ലയോ എന്ന് രേഖപ്പെടുത്തേണ്ടതാണ്. 6 ലക്ഷത്തിൽ താഴെ വാർഷിക വരുമാനം രേഖപ്പെടുത്തി ഇതിനകം അപേക്ഷ സമർപ്പിച്ചവർ തൽക്കാലം അപേക്ഷയിൽ മാറ്റം വരുത്തേണ്ടതില്ല. എന്നാൽ എസ്.ഇ.ബി.സി സംവരണ സീറ്റിൽ പ്രവേശനം അനുവദിക്കപ്പെടുന്ന എല്ലാവരും കോളേജുകളിൽ പ്രവേശനത്തിനായി ഹാജരാകുമ്പോൾ നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഇപ്രകാരം സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ സംവരണ സീറ്റിലുള്ള പ്രവേശനം നിഷേധിക്കപ്പെടുന്നതാണ്. ജനറൽ, എസ്.സി, എസ്.ടി വിഭാഗക്കാർക്ക് ഇത് ബാധകമല്ല. ഒ.ഇ.സി വിഭാഗത്തിൽ അപേക്ഷിച്ചവർക്ക് ഒ.ബി.എച്ച്/ ഒ.ബി.എക്സ് സംവരണത്തിന് അർഹതയുണ്ടെങ്കിൽ അക്കാര്യവും ലോഗിൻ ചെയ്ത ശേഷം പ്രൊഫൈലിൽ മാറ്റേണ്ടതാണ്. പുതുതായി രജിസ്റ്റർ ചെയ്യുന്ന ജനറൽ/എസ്.സി/എസ്.ടി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് ക്രിമിലെയർ ഓപ്ഷൻ, നോൺ ക്രിമിലെയർ എന്നോ ക്രിമിലെയർ എന്നോ നൽകാവുന്നതാണ്. ഏത് ഓപ്ഷൻ സ്വീകരിച്ചാലും അവർക്ക് ലഭിക്കേണ്ട അലോട്ട്മെന്റിനെ ബാധിക്കുന്നതല്ല.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2017: കമ്മ്യൂണിറ്റി ക്വാട്ട

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പ്രിന്റൗട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. ഇത് ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്നതിന് മുൻപ് ചെയ്തിരിക്കണം. രജിസ്ട്രേഷൻ പുരോഗമിക്കുകയാണ്. അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2017: പ്രിൻസിപ്പൽമാരുടെ യോഗം

ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടേയും, അഡ്മിഷൻ കോ-ഓർഡിനേറ്റർമാരുടേയും യോഗം 02.06.2017 വെള്ളിയാഴ്ച സർവ്വകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ചേംബറിൽ വെച്ച് നടത്തുന്നതാണ്. ഗവൺമെന്റ്/എയ്ഡഡ് കോളേജുകളുടേത് രാവിലെ 11 മണിക്കും സ്വാശ്രയ/യു.ഐ.റ്റി എന്നിവയുടേത് ഉച്ചയ്ക്ക് 2 മണിക്കുമാണ് നടത്തുന്നത്.എല്ലാ കോളേജുകൾക്കും ഇ-മെയിൽ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ ഇ-മെയിൽ ലഭിക്കാതെ വന്നാൽ ഈ പത്രക്കുറിപ്പ് അറിയിപ്പായി കരുതി, പ്രസ്തുത യോഗത്തിൽ കൃത്യ സമയത്ത് പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2017:സ്പോർട്ട്സ് ക്വാട്ട

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ടും, സ്പോർട്ട്സിലെ നേട്ടങ്ങൾ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ബന്ധപ്പെട്ട കോളേജിൽ നൽകണം. സർവ്വകലാശാലയിലേക്ക് അപേക്ഷകൾ അയക്കേണ്ടതില്ല. രജിസ്ട്രേഷന്റെ അവസാന തീയതിക്ക് മുൻപ് ഇത് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയാണ്. അവസാന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## കേരള സർവ്വകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം-2017 സി.ബി.എസ്.ഇ പാസ്സായവർക്ക് അപേക്ഷിക്കാം

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലും (ഗവൺമെന്റ്, എയ്ഡഡ്/സ്വാശ്രയ), യു.ഐ.റ്റി , ഐ.എച്ച്.ആർ.ഡി എന്നിവിടങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗാമുകളിലേക്ക് (2017-18) പ്രവേശനത്തിന് ഓൺലൈൻ (www.admissions.keralauniversity.ac.in) രജിസ്ട്രേഷൻ പുരോഗമിക്കുന്നു. കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും 2017-18 വർഷം ബിരുദ പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതാണ്. എല്ലാ കോളേജുകളിലേയും മെരിറ്റ് സീറ്റുകളിലേക്കും , എസ്.സി/ എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴി തന്നെ ആയിരിക്കും അലോട്ട്മെന്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. സി.ബി.എസ്.ഇ 12-ാം ക്ലാസ് പരീക്ഷഫലം പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ, വിജയിച്ചവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താം. മാനേജ്മെന്റ് , കമ്മ്യൂണിറ്റി, വികലാംഗർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ ,സ്പോർട്സ് ക്വോട്ട എന്നിവയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ എല്ലാവരും തന്നെ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിച്ചിരിക്കണം. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## എം.ബി.എ ട്രാവൽ & ടൂറിസം ടൈംടേബിൾ

കേരള സർവ്വകലാശാല ജൂൺ എട്ടിന് ആരംഭിക്കുന്ന എം.ബി.എ ട്രാവൽ & ടൂറിസം (മേഴ്സി ചാൻസ് - 2008 സ്കീം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് തിയറി പരീക്ഷ

കേരള സർവ്വകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) മെയ്/ജൂൺ 2017 റെഗുലർ ബാച്ച്കാരോടൊപ്പം സെഷണൽ ഇംപ്രൂവ് ചെയ്ത വിദ്യാർത്ഥികൾ അവരുടെ നിർദ്ദിഷ്ട തിയറി പേപ്പറുകൾക്ക് പിഴകൂടാതെ ജൂൺ മൂന്ന് (50 രൂപ പിഴയോടെ ജൂൺ അഞ്ച്, 125 രൂപ പിഴയോടെ ജൂൺ ആറ്) വരെ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഐ.ടി ജോബ് ഫെയർ

തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിലെ മോഡൽ കരിയർ സെന്റർ ജൂൺ രണ്ടിന് രാവിലെ 9.30 മുതൽ പി.എം.ജി-യിലെ കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ വച്ച് ഐ.ടി ജോബ് ഫെയർ സംഘടിപ്പിക്കുന്നു. വിവിധ ഐ.ടി മേഖലകളിലെ 100-ൽ പരം വേക്കൻസികളിലേക്കാണ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നത്. B.Tech, M.Tech, MCA, MBA, Any Degree, .net, PHP knowledge തുടങ്ങിയ യോഗ്യതയുള്ളവർക്ക് ഈ ജോബ് ഫെയറിൽ പങ്കെടുക്കാവുന്നതാണ്. തികച്ചും സൗജന്യമായ ഈ ജോബ് ഫെയറിന്റെ ഓൺലൈൻ രജിസ്ട്രേഷൻ www.ncs.gov.in എന്ന വെബ് സൈറ്റിൽ Job Fairs & Events പേജിലുള്ള ജൂൺ മാസ കലണ്ടറിലെ JF-KL-IT Job Fair@MCCTVM എന്ന ലിങ്കിൽ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2304577, 09159455118 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ, www.facebook.com/MCCTVM എന്ന ഫെയ്സ് ബുക്ക് പേജ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്. സ്പോട്ട് രജിസ്ട്രേഷനും ലഭ്യമാണ്.

## ബി.കോം പ്രാക്ടിക്കൽ

കേരള സർവ്വകലാശാലയുടെ ഒന്നും രണ്ടും മൂന്നും വർഷത്തെ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മെയ് 2017 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. രജിസ്റ്റർ നമ്പർ അനുസരിച്ച് ഏതു സെന്ററിൽ പരീക്ഷ എഴുതണമെന്ന വിവരം ടൈംടേബിളിലുണ്ട്.

## എൽ.എൽ.ബി പരീക്ഷകൾ മാറ്റി

കേരള സർവ്വകലാശാല ജൂൺ രണ്ട് മുതൽ ആരംഭിക്കാനിരിക്കുന്ന ആറാം സെമസ്റ്റർ (ത്രിവത്സരം), പത്താം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി പരീക്ഷകൾ മേഴ്സി ചാൻസ് ഉൾപ്പെടെ (2011-ന് മുമ്പുള്ള സ്കീം) ജൂൺ 15, 19, 22 തീയതികളിലേക്ക് മാറ്റി.

## ബി.എസ്സി ഫലം

കേരള സർവ്വകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ (റീസ്ട്രക്ച്ചേർഡ്) ബി.എസ്സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബി.എസ്സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധ

നയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജൂൺ 29 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

തിരുവനന്തപുരം.
29.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**